**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1972 — 12.02.2013 ൽ മറുപടിയ്ക്ക്

**ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിന്റെ വിതരണം**

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുകയും കൈപ്പറ്റുന്നതിനു മുമ്പ് അപേക്ഷകർ മരണപ്പെടുന്ന കേസ്സുകളിൽ അപേക്ഷകരുടെ കുടുംബങ്ങൾക്ക് പ്രസ്തുത തുക ലഭിക്കാതെ പോകുന്ന സാഹചര്യം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) 2000/- രൂപ മുതൽ 10,000/- രൂപ വരെയുള്ള തുക കൈപ്പറ്റുന്നതിലേയ്ക്ക് അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) നിലവിൽ ഇത്തരത്തിലുള്ള തുക വിതരണം ചെയ്യുന്നതിന് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;<br>(ഡി) നാമമാത്രമായ തുകകൾ വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള മറ്റു പ്രാദേശിക ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകുമോ ? | (സി) - (ഡി)<br>ധനസഹായം അനുവദിക്കപ്പെട്ട വ്യക്തി മരണപ്പെട്ടുവെങ്കിൽ ഭാര്യയ്ക്ക് അനുവദിച്ച തുക ഭർത്താവിനും, ഭർത്താവിന് അനുവദിച്ച തുക ഭാര്യക്കും കൈപ്പറ്റാവുന്നതാണെന്നും മറ്റു സാഹചര്യങ്ങളിൽ തഹസീൽദാർമാർക്ക് ഉചിതമായ തീരുമാനങ്ങൾ എടുക്കാവുന്നതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.